Talented Bankers Literary Panel
പുസ്തക പരിചയം 242

തക്കിജ്ജ എന്റെ ജയിൽ ജീവിതം....
ജയചന്ദ്രൻ മൊകേരി.

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ 2, തൃശൂർ.

ജയചന്ദ്രൻ മൊകേരി എന്ന അധ്യാപകൻ മാലിദ്വീപിൽ ജോലി ചെയ്യുമ്പോഴുണ്ടായ അനുഭവങ്ങളും, അവിടുത്തെ ജയിൽ ജീവിതവും, ആ നാടിന്റെ കുറച്ച് വിശേഷങ്ങളുമാണ് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ഈ കൃതിയിലുള്ളത്.

ഇന്ത്യൻ മഹാസമുദ്രത്തിൽ ചിതറിക്കിടക്കുന്ന ഒരു ദ്വീപസമൂഹമാണ് മാലിദ്വീപ്. 1200നടുത്ത് ദ്വീപുകളുണ്ട്. പക്ഷെ 200 എണ്ണത്തിൽ മാത്രമേ ജനജീവിതമുള്ളൂ. ചിലതിൽ കൃഷിയും ചെറിയ വ്യവസായങ്ങളും.....മറ്റുള്ള ചിലതിൽ ടൂറിസ്റ്റ് റിസോർട്ടുകൾ.... വേറെ ചിലത് അപൂർവയിനം സസ്യ ജന്തുക്കളുടെ ആവാസ മേഖല.

ഈ പുസ്തകം വായിയ്ക്കുന്നതുവരെ എന്റെ മനസ്സിൽ മാലിദ്വീപ് എന്നാൽ നല്ല കടൽത്തീരങ്ങൾ നിറഞ്ഞ നീല പളുങ്ക് ഭൂമിയായിരുന്നു. ഒരു അടിപൊളി സ്ഥലം. എന്നാൽ ഇത് വായിച്ചു കഴിഞ്ഞപ്പോൾ മാലിദ്വീപ്, മയക്കുമരുന്ന്, മതതീവ്രവാദം, സെക്സ് ടൂറിസം എന്നിവയെല്ലാം കൊണ്ട് ഒരുപാട് കുറ്റവാളികളും ഭീകരരും വസിക്കുന്ന, ഇവയെല്ലാം ദ്വീപിൽ എത്തിക്കുന്ന ജനസംഖ്യയുടെ 25% ബംഗ്ലാദേശീ തൊഴിലാളികൾ നിറഞ്ഞ, ഒരു വലിയ തടവറയായി എനിക്ക് തോന്നി.

ദ്വീപുകൾക്ക് ഒരു സ്ക്വയർ കിലോമീറ്ററോളമേ വിസ്തൃതിയുള്ളൂ. അതായത് നമ്മൾ ബസ്സ് കയറാൻ നടക്കുന്ന ദൂരം നടന്നാൽ ദ്വീപിന്റെ അതിരായ കടലിൽ എത്തും. 1000-1500 പേർ ജീവിക്കുന്നുണ്ടാകും. കണ്ടവരെത്തന്നെ എന്നും കണ്ട് കണ്ട് മടുത്തുപോയ കുറേ ജനതയുടെ മണ്ണ്.

അവിടുത്തെ സ്കൂളുകളിൽ പഠിപ്പിക്കുന്നവരിൽ അധികവും മലയാളികളും തമിഴരും ശ്രീലങ്കക്കാരുമെല്ലാമാണ്. വെറും ആറാം ക്ലാസ് പാസ്സായ അവിടുത്തെ ആളുകൾ ആണത്രേ സ്കൂളുകളിലെ പ്രധാനാധ്യാപകർ😄 കുറ്റകൃത്യങ്ങൾ ചെയ്യുന്ന കുറേ കുട്ടികൾ, അവരെ ശിക്ഷിക്കാനും ശാസിക്കാനും പാടില്ല. പാര പണിയുന്ന നമ്മുടെതന്നെ അധ്യാപകർ, ആറാം ക്ലാസ് യോഗ്യതയുള്ള കുറേ ഈഗോയുള്ള സ്കൂൾ

അധികാരികൾ. അവരുടെ ഇടയിൽ പെട്ട് ജീവിക്കാനായി പണിയെടുക്കുന്ന നമ്മുടെ പാവം മലയാളി അധ്യാപകരുടെ അവസ്ഥ വളരെ പരിതാപകരമാണ്.

ശിഥിലമായ കുടുംബ ബന്ധങ്ങൾ ഉള്ളവരാണ് ദ്വീപിലെ മിക്കവാറും കുട്ടികൾ. അച്ഛനും അമ്മയും ഒന്ന് രണ്ട് കുട്ടികൾ ആകുമ്പോൾ വേർപിരിയും. അവർ ആ കൊച്ചു സ്ഥലത്തുനിന്നും വീണ്ടും വീണ്ടും വിവാഹങ്ങൾ കഴിക്കുന്നു. സ്നേഹം കിട്ടാതെ വളരുന്ന പല കുട്ടികളും വളരെ ചെറുപ്പത്തിൽ തന്നെ കുറ്റകൃത്യങ്ങളിലും മയക്കുമരുന്ന് ഉപയോഗത്തിലും പെടുന്നു. ഇത് നിയന്ത്രിക്കാൻ വിദേശീയരായ അധ്യാപകർക്ക് കഴിയില്ല. അവിടെ കുട്ടികൾ പറയുന്നതാണ് നിയമം. ക്ലാസിൽ ബഹളമുണ്ടാക്കിയ ഒരു കുട്ടിയെ തോളിൽ സ്പർശിച്ചുകൊണ്ട് പിടിച്ചിരുത്തി എന്നൊരു കാര്യമാണ് ബാലപീഡനം എന്ന രീതിയിൽ കുറ്റമായതും അദ്ദേഹത്തിനെതിരെ കേസ് ചുമത്തി ജയിലിൽ അടച്ചതും.

രണ്ടുദിവസത്തിനുള്ളിൽ അവർ കേസ് പിൻവലിച്ചെങ്കിലും അദ്ദേഹം അവിടത്തെ ഒരു ഓൺലൈൻ പോർട്ടലിൽ മാലിദ്വീപിലെ കുറിച്ച് പരമ്പര എഴുതിയിരുന്നു എന്ന കാരണം വെച്ചുകൊണ്ട്, രാജ്യദ്രോഹകുറ്റം ചുമത്തി ജീവപര്യന്തം തടവിലാക്കുവാൻ ആയിരുന്നു അവിടുത്തെ സർക്കാരിന്റെ നീക്കം.

എംബസി ജീവനക്കാർ സഹായിച്ചില്ല.
പക്ഷെ ഇവിടുത്തെ ജനങ്ങളും മന്ത്രിമാരും എംപിമാരും നന്നായി ചേർത്തുപിടിച്ചു. സോഷ്യൽ മീഡിയ ക്യാമ്പയിൻ നടന്നു. ഒടുവിൽ, ഭാര്യയും സുഹൃത്തുക്കളും ചേർന്ന് അന്നത്തെ വിദേശകാര്യമന്ത്രി ആയിരുന്ന സുഷമ സ്വരാജിനെ കണ്ടതിനു ശേഷം പെട്ടന്ന് മോചനം സാധ്യമായി.

മുമ്പ് ആ രാജ്യത്തിലെ ഒരു പട്ടാള അട്ടിമറി തടയുകയും, ആശുപത്രികൾ അടക്കമുള്ള ഒരുപാട് വികസന പ്രവർത്തനങ്ങളിൽ നമ്മൾ അവരെ സഹായിക്കുകയും ചെയ്തെങ്കിലും ഇപ്പോൾ മാലിദ്വീപിന് ഇന്ത്യയേക്കാൾ കൂറ് പാകിസ്ഥാനോടും ചൈനയോടുമാണെന്നും പലയിടത്തും ഇതിൽ സൂചനകൾ ഉണ്ട്.

ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യക്കുറവ്, പെട്ടെന്ന് തകരുന്ന കുടുംബ ബന്ധങ്ങൾ, മതതീവ്രവാദം, മയക്കുമരുന്നിന് അടിമപ്പെടുന്ന യുവത്വങ്ങൾ, കടൽ വിഴുങ്ങാൻ സാധ്യതയുള്ള കൊച്ച് കൊച്ച് ദ്വീപുകൾ. അങ്ങനെ ഈ ചെറു രാജ്യം നേരിടുന്ന വെല്ലുവിളികൾ വളരെ വലുതാണ്. UN ഫണ്ട് കൊണ്ടും, ടൂറിസം വരുമാനം കൊണ്ടും ഈ വെല്ലുവിളികളെ നേരിട്ട് ഈ ചെറിയ സ്വതന്ത്ര രാജ്യത്തിന് എത്ര കാലം മുന്നേറാൻ കഴിയും ?

വളരെ ഭംഗിയായി എഴുതിയിരിക്കുന്ന ഈ കുറിപ്പുകൾ വായിക്കുമ്പോൾ പലയിടത്തും നിങ്ങൾക്ക് വലിയ നീറ്റലുകൾ അനുഭവപ്പെട്ടേക്കാം. ജീവിക്കാനായി കടൽ കടക്കുന്ന മലയാളി പ്രവാസികളുടെ, തുറന്ന ജയിലുകളിലെ നെടുവീർപ്പുകൾ കേൾക്കാം.

നല്ലൊരു വായനക്ക് നന്ദി
ശ്രീ ജയചന്ദ്രൻ.....
നന്മകൾ നേരുന്നു....
അഭിവാദ്യങ്ങൾ....

ഡി സി ബുക്ക്സ്
വില 325